പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2273

11.3.2020 -ൽ മറുപടിയ്ക്ക്

മങ്കട മണ്ഡലത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | മങ്കട നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ; | എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മലപ്പുറം ജില്ലാ കലക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇതുസംബന്ധിച്ച് വകുപ്പ് തലത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | ബി) | ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കെട്ടിടം പണിയുന്നതിന്റെ ഭാഗമായുള്ള ഡി.പി.ആർ തയ്യാറാക്കി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുവാൻ സാധിക്കയുള്ളൂ എന്ന് ടൂറിസം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| സി | കെട്ടിട നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | മങ്കടയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്ററിന് കെട്ടിടം പണിയുന്നതിനായി പ്രത്യേകമായി ഫണ്ട് വകയിരുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ പ്ലാൻ ശീർഷകത്തിൽ 4 കോടി രൂപ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ടി ഫണ്ട് മങ്കടയിൽ കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ